SUNDAY 20/07/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/07/2025

1. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ, രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതുമാണ്.

2. ജില്ലയിലെ എല്ലാ കർഷകരും പി എം കിസാൻ ഗുണഭോക്താക്കളും അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് പാസ് ബുക്ക്, ഫോൺ നമ്പർ, കരമടച്ച രസീത് എന്നിവ സഹിതമെത്തണം. ഫാർമർ രജിസ്ട്രിയിൽ എൻറോൾ ചെയ്യുന്ന പിഎം കിസാൻ ഗുണഭോക്താക്കൾക്ക് ഫാർമർ ഐഡി ഭാവിയിൽ നൽകുമെന്നും അറിയിച്ചു. അവസാനതീയതി ജൂലായ് 31.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

## പരിശീലന പരിപാടി

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ജൈവ കൃഷിയും മണ്ണുപരിപാലനവും"എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ 2025 ജൂലൈ 22ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ വൈകുന്നേരം 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കർഷകർക്ക് പോത്ത് വളർത്തൽ എന്ന വിഷയത്തിൽ ജൂലൈ 22, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു മണി വരെ പരിശീലനം നൽകുന്നു. ഫോൺ: 0469 2965535.

3. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ 20നും 30നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്ക് അക്വാകൾച്ചർ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ബി.എസ്സി അക്വാകൾച്ചർ അല്ലെങ്കിൽ വി. എച്ച്.എസ്.ഇ. അക്വാകൾച്ചർ വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികൾക്ക് മുൻഗണന ലഭിക്കും. പരിശീലനം ഫിഷറീസ് വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിലും ഹാച്ചറികളിലും മറ്റ് അംഗീകൃത ട്രെയിനിംഗ് സെന്ററുകളിലുമായിരിക്കും. 8 മാസം നീളുന്ന പരിശീലനത്തിൽ പരമാവധി 5 പേർക്ക് മാത്രമായിരിക്കും പ്രവേശനം. പരിശീലന കാലയളവിൽ ഓരോമാസവും 10,000 രൂപ സ്റ്റൈപന്റ് അനുവദിക്കും. താൽപര്യമുള്ളവർ

**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


ജൂലൈ 25-നു മുൻപായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്), കിഴക്കേ കടുങ്ങല്ലൂർ, യു.സി. കോളേജ് പി.ഒ, ആലുവ എന്ന വിലാസത്തിലോ nifamaluva@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോം ഫിഷറീസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ജൂലൈ 25ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല. മുൻ വർഷങ്ങളിൽ ഈ പരിശീലനത്തിൽ പങ്കെടുത്തവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 ആഗസ്റ്റ് 11, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 ആഗസ്റ്റ് 10, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

1. **കാർഷിക നിർദേശം**

പടവലം, പാവൽ എന്നിവ കായ്ക്കുന്നതോടെ കായീച്ചയുടെ ശല്യം തുടങ്ങും. പുഴുക്കൾ കായ്ക്കുള്ളിലെ മാംസള ഭാഗങ്ങൾ തിന്ന് നശിപ്പിക്കുന്നു. പിന്നീട് ഇവ അഴുകാൻ തുടങ്ങും. ഈ പുഴുക്കളുടെ സമാധി ദശ മണ്ണിനുള്ളിലാണ്. കേടുവന്ന കായ്കൾ മണ്ണിൽ വീഴാതെ പറിച്ചെടുത്ത് നശിപ്പിക്കണം. പന്തലിൽ ഇടവിട്ട് പഴക്കെണി, തുളസിക്കെണി എന്നിവ തൂക്കിയിട്ടാൽ കായീച്ചയുടെ ആക്രമണം ചെറുക്കാനാവും. കൂടാതെ ഫിറമോൺ കെണികൾ 15 സെന്റിന് ഒരെണ്ണം എന്ന തോതിൽ തോട്ടത്തിൽ തൂക്കിയിടുക. തെക്ക പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. മുൻകരുതലായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. രോഗനിയന്ത്രണത്തിനായി കർസേറ്റ് 2 ഗ്രാം ഒരു ലിറ്റർ വെള്ള ത്തിൽ കലർത്തി തളിക്കാവുന്നതാണ്.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം